# India strongly condemns the terrorist attack on Sayed al-Shuhada Girls school in Kabul

May 09, 2021

---

**കാബൂളിലെ സയ്ദ് -അൽ-ഷുഹാദ ഗേൾസ് സ്കൂളിൽ നടന്ന തീവ്രവാദി ആക്രമണത്തെ ഇന്ത്യ ശക്തമായി അപലപിക്കുന്നു.**

മെയ് 09, 2021

വിശുദ്ധ റമദാൻ മാസത്തിൽ 50 ലധികം നിരപരാധികളായ പെൺകുട്ടികളുടെ മരണത്തിനു കാരണമായി കാബൂളിലെ സയ്യിദ് അൽ-ഷുഹാദ ഗേൾസ് സ്കൂളിന് നേരെയുണ്ടായ ഭീകരാക്രമണത്തെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. ഈ ക്രൂരമായ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട പെൺകുട്ടികളുടെ കുടുംബങ്ങളോടും സുഹൃത്തുക്കളോടും ഒപ്പം ഞങ്ങളുടെ ചിന്തകളും പ്രാർത്ഥനകളും ഉണ്ടായിരിക്കും.

പെൺകുട്ടികളെ ലക്ഷ്യമിട്ടുള്ള ഈ പ്രവർത്തനം അഫ്ഗാനിസ്ഥാന്റെ ഭാവിയെ തന്നെ ലക്ഷ്യം വയ്ക്കുന്നതാണ്.കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി അഫ്ഗാനികൾ കൈവരിച്ച കഠിനവും പരിശ്രമഫലവമായ നേട്ടങ്ങൾ നശിപ്പിക്കാൻ കുറ്റവാളികൾ വ്യക്തമായി ശ്രമിക്കുകയാണ് ചെയ്യുന്നത്.

സമാധാന പ്രക്രിയയെ അർത്ഥവത്തായതും സുസ്ഥിരവുമാക്കുന്നതിന് തീവ്രവാദ സങ്കേതങ്ങൾതകർക്കേണ്ടതിന്റെയും  രാജ്യവ്യാപകമായി സമഗ്രമായ വെടിനിർത്തലിൽ പ്രഖ്യാപിക്കേണ്ടതിന്റെയും  അടിയന്തിര ആവശ്യകതയെ  ഈ സംഭവം വീണ്ടും വ്യക്തമാക്കുന്നു.

ഇന്ത്യ എല്ലായ്പ്പോഴും അഫ്ഗാൻ യുവാക്കളുടെ വിദ്യാഭ്യാസത്തെ പിന്തുണയ്ക്കുകയും അഫ്ഗാനിസ്ഥാന്റെ പുരോഗതിക്കും വികസനത്തിനും പ്രതിജ്ഞാബദ്ധമായിരിക്കുകയും ചെയ്യുന്നതാണ്.

**ന്യൂ ഡൽഹി**
**മെയ് 09, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.